പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.275 03.02.2020 ൽ മറുപടിക്ക്

## ബാലുശ്ശേരി താലൂക്കാശുപത്രി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ചികിത്സ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) & (സി) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദന്തൽ സർജൻ -1, ജൂനിയർ കൺസൽട്ടന്റ് (മെഡിസിൻ) -1, കൺസൽട്ടന്റ് (പീഡിയാട്രിക്സ്) -1, ഫാർമസിസ്റ്റ്-2, സ്റ്റാഫ് നഴ്സ് -2, എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ദന്തൽ യൂണിറ്റ് പുതുതായി ആരംഭിച്ചു. 5 കിടക്കകളോടു കൂടിയ ഡയാലിസിസ് യൂണിറ്റ് കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കി. ഈ ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനായി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകൾ, ടി തസ്തികകൾ അധികമായിട്ടുണ്ടായിരുന്ന മറ്റൊരു ആശുപത്രിയിൽ നിന്ന് മാറ്റി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 2132,89400/- രൂപ അനുവദിച്ചു. |
| (സി) | ബാലുശ്ശേരി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി വിശദമായ ഡി.പി.ആർ. കിഫ്ബിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ